**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **20-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ യാത്രാ ക്ലേശം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ രൂക്ഷമായ യാത്രാ ക്ലേശം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് മേഖലയിലെ എല്ലാ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും നടത്തിവന്നിരുന്ന സർവീസുകളും ട്രിപ്പുകളും തുടരുന്നുണ്ട്. ചങ്ങനാശ്ശേരി – ആലപ്പുഴ റൂട്ടിൽ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറക്ക് എല്ലാ സർവീസുകളുടെയും ട്രിപ്പുകളുടെയും സമയക്രമം കൃത്യമായി പാലിച്ച് ക്രമീകരിക്കുവാൻ കഴിയുന്നതിലൂടെ ടി മേഖലയിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നതാണ്. പ്രസ്തുത വിഷയത്തിന്മേൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ സമർപ്പിച്ച ശുപാർശകൾ പ്രകാരം അധിക സർവ്വീസ് നടത്തുന്നതും പരിഗണിക്കാവുന്നതാണ്.<br><br>കൂടാതെ കുട്ടനാട് കേന്ദ്രീകരിച്ചുള്ള സംസ്ഥാന ജലഗതാഗത വകുപ്പിന്റെ നിലവിലുള്ള മുഴുവൻ ബോട്ട് സർവീസുകളും മുടക്കം കൂടാതെ നടത്തി വരുന്നുണ്ട്. സ്കൂൾ കുട്ടികൾക്കും സാധാരണക്കാരായ പൊതു ജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ ആലപ്പുഴ, നെടുമുടി , പുളിങ്കുന്ന്, എടത്വ, കാവാലം സ്റ്റേഷനുകളിലെ ബോട്ടുകൾ ഉപയോഗിച്ച് അത്യാവശ്യഘട്ടങ്ങളിൽ സർക്കുലർ സർവീസുകൾ ഉൾപ്പടെ നടത്തിയുമാണ് വകുപ്പ് പരാതി രഹിതമായി പൊതുജനങ്ങൾക്കുള്ള സേവനം ഉറപ്പ് വരുത്തുന്നത്. നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലുള്ള കൂടുതൽ സർവീസ് ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള ഡീസൽ ബോട്ടുകൾക്ക് പകരം സോളാർ ഇലക്ട്രിക്ക് ബോട്ടുകൾ ഉപയോഗിച്ച് സർവീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | കോട്ടയം-കാവാലം സ്റ്റേ സർവീസ് ഉൾപ്പെടെ നിർത്തലാക്കിയ മുഴുവൻ സ്റ്റേ സർവീസുകളും പുനരാരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടയം കാവാലം റൂട്ടിലെ സ്റ്റേ സർവ്വീസ് കെ.എസ്.ആർ.ടി.സി ബസ്സുകളായിരുന്നു സർവീസ് നടത്തിയിരുന്നത്. സ്വകാര്യ ബസ്സുകൾക്കൊന്നും സ്റ്റേ സർവ്വീസ് അനുവദിച്ച് നൽകിയിരുന്നില്ല. സ്റ്റേ |

| | | | |
|---|---|---|---|
| | | | സർവ്വീസ് ആയി പെർമിറ്റ് അനുവദിക്കാനുള്ള അപേക്ഷകളൊന്നും തന്നെ ലഭ്യമായിരുന്നില്ല.<br><br>കെ.എസ്.ആർ.ടി.സി ചങ്ങനാശ്ശേരി- കാവാലം റൂട്ടിൽ രാവിലെ 05.00 മണി മുതൽ രാത്രി 21.50 വരെ 68 ട്രിപ്പുകൾ പ്രതിദിനം സർവീസ് നടത്തി വരുന്നുണ്ട്. കോട്ടയം – കാവാലം, ആലപ്പുഴ – തട്ടാശ്ശേരി എന്നീ സ്റ്റേ സർവീസുകളിലെ ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുള്ള മതിയായ സൗകര്യം ടി പ്രദേശങ്ങളിൽ ലഭ്യമാകുന്ന മുറയ്ക്ക് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ